# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.180 — 17/12/2012 ൽ മറുപടിക്ക്

<u>സിനിമ വെബ് മാഗസിൻ</u>

<u>ചോദ്യം</u>

ശ്രീ. എം. എ.വാഹിദ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. സണ്ണി ജോസഫ്

<u>ഉത്തരം</u>

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(വനവും സ്പോർട്സും
സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാള സിനിമയെ ലോകത്തിന് മുന്നിൽ എത്തിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ; | (എ) | മലയാള സിനിമയുടെ വെബ് അധിഷ്ഠിത ഡേറ്റാ ബേസ് വികസിപ്പിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. ചിത്രങ്ങൾ, സിനിമയുടെ വിവരങ്ങൾ, ചലച്ചിത്ര മേഖലയുമായി ബന്ധപ്പെട്ട വ്യക്തികളുടെ വിവരങ്ങൾ, പോസ്റ്ററുകൾ, പാട്ടുപുസ്തകങ്ങൾ, കഥാചുരുക്കം, ഇന്റർവ്യൂകൾ എന്നിങ്ങനെ വിവിധ ഘടകങ്ങൾ ഉൾകൊള്ളിച്ചതാണ് ഈ ഡേറ്റാ ബേസ്. ഇതിനുപുറമേ ചലച്ചിത്ര അക്കാഡമിക്ക് പകർപ്പവകാശം നൽകിയിട്ടുള്ള ചിത്രങ്ങളെ വെബ്ബ് സ്ട്രീം ചെയ്യാനും നടപടി എടുക്കുന്നുണ്ട്. അന്തർദേശീയ ചലചിത്രമേളയിലേക്ക് സിനിമകളെ അയക്കുന്നതിനുള്ള ചെലവ് അക്കാഡമി വഹിക്കും. തെരഞ്ഞെടുക്കുന്ന ചിത്രങ്ങൾക്ക് സബ്ടൈറ്റിൽ ചെയ്യുന്നതിനും സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | സിനിമ വെബ്മാഗസിൻ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) (&) (സി) | ഉണ്ട്. മലയാളം, ഇംഗ്ലീഷ് ഉൾകൊള്ളിച്ച് ബൈലിങ്ക്വൽ ആയാണ് വെബ് മാഗസിൻ തയാറാക്കുന്നത്. ലോകത്ത് സിനിമയുമായി ബന്ധപ്പെട്ട് നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ, കേരളത്തിൽ നടക്കുന്ന സിനിമാ നിർമ്മാണ പ്രവർത്തനങ്ങൾ സാങ്കേതിക കാര്യങ്ങൾ, അന്തർദ്ദേശീയ |
| (സി) | ഏതെല്ലാം ഭാഷകളിലാണ് വെബ്മാഗസിൻ തുടങ്ങാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | ചലചിത്രമേളയുടെ വിവരങ്ങൾ ഇന്റർവ്യൂകൾ, ചലച്ചിത്ര നിരൂപണങ്ങൾ, ചർച്ചാ ഫോറം, പിക്ചർ ഗാലറി, സിനിമാ വ്യവസായ വാർത്തകൾ, മാർക്കറ്റ് വിഷയങ്ങൾ, സംവിധായകർ, നടന്മാർ നിരൂപകർ എന്നിവരുടെ കോളങ്ങൾ മാസ്റ്റേഴ്സിന്റെ ചിത്രങ്ങൾ, ലോകസിനിമ, ഇൻഡ്യൻ സിനിമ, ഫിലിം പുസ്തകങ്ങൾ, മാസിക വിശേഷങ്ങൾ, സിനിമാ ചരിത്രകഥകൾ എന്നിവയും പഠനത്തിനായി സ്ക്രിപ്റ്റ് റൈറ്റിംഗ്, സിനിമാറ്റോഗ്രഫി, എഡിറ്റിംഗ്, ആക്ടിംഗ് എന്നിവയുടെ സഹായികൾ, മിനിസ്റ്റേഴ്സ് ഡസ്ക്, ചിത്രഗാലറി എന്നിവയും ഉൾപ്പെടുത്തുന്നുണ്ട്. |
| (ഡി) | ഇത് എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (ഡി) | വെബ്മാഗസിൻ അടുത്ത ജനുവരി 30 - നകം ആരംഭിക്കും |

സെക്ഷൻ ഓഫീസർ